ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും തുറമുഖങ്ങൾ ആധുനിക കണ്ടെയ്നർ തുറമുഖങ്ങളായി വികസിപ്പിക്കുന്നതിനുള്ള കരാറുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ തുറമുഖത്തിനും എത്രകോടി രൂപ വീതമുള്ള കരാറുകൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)&(ബി) വിഴിഞ്ഞത്ത് അന്തർദേശീയ നിലവാരത്തിലുള്ള തുറമുഖം സ്ഥാപിക്കുന്നതിന് സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷനുമായി സർക്കാർ ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ഇതിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം ഉൾപ്പെടുന്നു.

(സി)&(ഡി) വിഴിഞ്ഞത്ത് തുറമുഖം സ്ഥാപിക്കുന്നതിനുള്ള ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. അതിനുശേഷമേ കൃത്യമായ മുതൽമുടക്കിനെ സംബന്ധിച്ചും സജ്ജീകരണങ്ങളെക്കുറിച്ചും വിവരം ലഭ്യമാകുകയുള്ളൂ.

മാനസികാരോഗ്യാശുപത്രികളുടെ പ്രവർത്തനം

17 (*17) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെമാനസികാരോഗ്യാശുപത്രികളുടെ പ്രവർത്തനം കുറ്റമറ്റരീതിയിൽ നടക്കുന്നു എന്നുറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം മാനസികാരോഗ്യശുപത്രിയിൽ എഴുന്നൂറോളം മാനസിക രോഗികളെ രാത്രികാലങ്ങളിൽ ശുശ്രൂഷിക്കുന്നതിന് അഞ്ച് നേഴ്സുമാർ മാത്രമാണോ ഉള്ളത്;

(സി) എങ്കിൽ ആശുപത്രിയിലെ ശുശ്രൂഷയും പരിചരണവും കുറ്റമറ്റതും ഫലപ്രദവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മാനസികാരോഗ്യാശുപത്രികളിൽ മനുഷ്യാവകാശ കമ്മീഷൻ അടുത്തകാലത്ത് നടത്തിയ സന്ദർശനത്തിന്റെ അവലോകന

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) മനുഷ്യാവകാശ കമ്മീഷന്റെ സന്ദർശനത്തോടനുബന്ധിച്ച് പുറത്തുവന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ മാനസികാരോഗ്യാശുപത്രികളിൽ ഇന്നുള്ള രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും നിലനിൽക്കുന്ന സൗകര്യങ്ങൾ പരിഗണിച്ചും പുതിയ മാനസികാരോഗ്യാശുപത്രി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) തിരുവനന്തപുരം മാനസികാരോഗ്യാശുപത്രിയിൽ ആകെ 57 നേഴ്സുമാരുടെ തസ്തികയാണുള്ളത്. മൂന്ന് ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിൽവന്നതിനെ തുടർന്ന് ഒരു ഷിഫ്റ്റിന് ഏകദേശം 15 നേഴ്സുമാരുടെ സേവനം ലഭ്യമാകുന്നുണ്ട്.

(സി) ആശുപത്രിയുടെ പ്രവർത്തനം കുറ്റമറ്റതും ഫലപ്രദവുമാക്കുന്നതിന് ആശുപത്രി വികസന സമിതി ഹൈക്കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി എന്നിവ ശുപാർശ ചെയ്യുന്ന കാര്യങ്ങൾ പടിപടിയായി പൂർത്തീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്.

(ഡി) ഇല്ല.

(ഇ) റിപ്പോർട്ട് ലഭിച്ചാലുടൻ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

18 (*18) ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസുകാർക്ക് ഇന്ന് നൽകിവരുന്ന പരിശീലനം മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly